# പതിനാലാം കേരള നിയമസഭ
# പതിനാൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1338** **06.03.2020 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ; | എ) തെങ്ങ് മുഖ്യ വിളയായുള്ള പഞ്ചായത്തുകളിൽ തുടർച്ചയായി 250 ഹെക്ടർ തെങ്ങു കൃഷിയുള്ള പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിയ്ക്കായി പരിഗണിച്ചു വരുന്നത്. തെങ്ങിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും ഉയർത്തുന്നതിനായുള്ള വിള പരിപാലനം ,മൂല്യവർദ്ധന സംരംഭങ്ങൾ ,വിപണനം എന്നിവ സ്വീകരിക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകുന്നുണ്ട്. സംസ്ഥാന വിഹിതത്തിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതവും എം.എൽ.എ ഫണ്ടും തൻ വർഷവും തുടർ വർഷങ്ങളിലും കേരഗ്രാമം പദ്ധതിയ്ക്കായി വിനിയോഗിക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകൾ,തെങ്ങിലെ രോഗ-കീട ബാധകൾ കൂടുതലായുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകൾ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നത്.<br>പദ്ധതി നടപ്പാക്കുന്ന പ്രദേശത്ത് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ,കൃഷി ഓഫീസർ എന്നിവർ എക്സ്-ഒഫിഷ്യോ അംഗങ്ങളായി പഞ്ചായത്തുതല കേര വികസന സമിതി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കേര കർഷകരെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ രൂപീകരിക്കുന്ന ക്ലസ്റ്ററുകൾക്ക് പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായും കൃഷി ഓഫീസർ കൺവീനറായിട്ടുമുള്ള ഒരു ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നു. |

| | |
|---|---|
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) ഈ സർക്കാർ **അധികാരത്തിൽ** വന്ന ശേഷം തിരുവനന്തപുരം **ജില്ലയിൽ** കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു . |

| <u>വർഷം</u> | | <u>പഞ്ചായത്ത്</u> |
|---|---|---|
| 2016-17 | : | കഠിനംകുളം |
| | | കൊല്ലയിൽ |
| 2017-18 | : | ആര്യനാട് |
| | | കാട്ടാക്കട |
| | | അതിയന്നൂർ |
| 2018-19 | : | കരവാരം |
| | | ഉഴമലയ്ക്കൽ |
| | | തിരുവല്ലം |
| 2019-20 | : | നേമം |
| | | കല്ലറ |
| | | പോത്തൻകോട് |
| | | പെരിങ്ങമ്മല |

MayaP

**സെക്ഷൻ ഓഫീസർ**